സംരക്ഷിക്കാൻ, സ്വകാര്യ വ്യക്തികളെവരെ സഹായിക്കാൻ കഴിയുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, സ്വകാര്യ വ്യക്തികളുടെ വീടുകൾ സംരക്ഷിക്കുന്ന കാര്യത്തെക്കുറിച്ച് എനിക്കറിയില്ല, അത് പരിശോധിക്കാം. പക്ഷേ, കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പണം ചെലവാക്കി പൊതുസ്മാരകങ്ങൾ സംരക്ഷിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ വീടിന്റെ കാര്യം പരിശോധിച്ചേ പറയാൻ സാധിക്കൂ.

വഴിയോരക്കച്ചവടക്കാർക്കുവേണ്ടിയുള്ള നയം

2 (*692) ശ്രീ. പി. ബി. അബ്ദുൾ റസാക്:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോരക്കച്ചവടക്കാർക്കുവേണ്ടിയുള്ള നയം അംഗീകരിച്ചശേഷം അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നയം നടപ്പാക്കുമ്പോൾ നിലവിലെ ഏതൊക്കെ നിയമങ്ങളിലെ ഏതൊക്കെ വ്യവസ്ഥകൾക്കാണ് മാറ്റം വരുത്തേണ്ടിവരിക എന്നതുസംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ നഗരങ്ങളിലെ വഴിയോര കച്ചവടക്കാരെ സംബന്ധിച്ച വിശദമായ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ,

(എ) കേന്ദ്ര ഗവൺമെന്റ് ബഹു. സുപ്രീം കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസത്തിന് ഒരു ദേശീയനയം രൂപീകരിക്കുകയും സംസ്ഥാന ഗവൺമെന്റുകളോട് ഉചിതമായ നിയമനിർമ്മാണം നടത്തുവാൻ ആവശ്യപ്പെടുകയുമുണ്ടായി. അതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിലൊരു സംസ്ഥാന നയം രൂപീകരിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു സംസ്ഥാന നയം രൂപീകരിക്കുകയും ആയതുപ്രകാരം ഒരു കരട് ബിൽ തയ്യാറാക്കുകയും ചെയ്തിരുന്നു. സംസ്ഥാന ഗവൺമെന്റ് നിയമ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം നിയമ നിർമ്മാണം സംബന്ധിച്ച് മുന്നോട്ട് പോകവേ കേന്ദ്ര സർക്കാർ ഇതു സംബന്ധിച്ച ഒരു നിയമം പാസ്സാക്കി മാർച്ച് 2014-ൽ The Street Vendors (Protection of Livelihood and Regulation of Street Vending) Act 2014"

LIBRARY ARCHIVES Kerala Legislative Assembly

പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2014 മേയ് 1 മുതൽ പ്രാബല്യത്തിൽ വന്ന ഈ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായതിനാൽ കേരളത്തിനു മാത്രമായി ഒരു പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. ഇതു സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിച്ചാൽ മതിയാകുമെന്നതിനാൽ കേന്ദ്ര നിയമത്തിന് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) സംസ്ഥാന നയത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ നഗരസഭകളിലും വഴിയോരക്കച്ചവടം സംബന്ധിച്ച സർവ്വേ നടന്നുവരുന്നുണ്ട്. എന്നാൽ, കേന്ദ്ര നിയമം അനുശാസിക്കുന്ന രീതിയിലുള്ള സർവ്വേ ആരംഭിച്ചിട്ടില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. അബ്ദുൾ റസാക്കിനുവേണ്ടി (ശ്രീ. പി. ബി. ഉബൈദുള്ള): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസത്തിനുവേണ്ടിയുള്ള ദേശീയ നയത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുകയുണ്ടായി. സംസ്ഥാന സർക്കാർ ഈ ചട്ടം രൂപീകരിക്കുന്നതിനുമുമ്പുതന്നെ പല വഴിയോരക്കച്ചവടക്കാരെയും ഇപ്പോൾ ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്തെ തെരുവുകളിൽ ബുക്ക് സ്റ്റാളുകൾ നടത്തുന്ന പഴയ തലമുറയിൽപ്പെടുന്ന ധാരാളം ആളുകളുണ്ട്. ഈ രംഗത്ത് ദീർഘകാലത്തെ പരിചയമുള്ളവരാണവർ. പഠനകാര്യത്തിൽ വിദ്യാർത്ഥികൾക്ക് ഉചിതമായ ബുക്കുകൾ തെരഞ്ഞെടുത്തുകൊടുക്കാൻപോലും കഴിവുള്ളവരാണ് ഈ തെരുവുകളിൽ ബുക്ക് കച്ചവടം നടത്തുന്നവർ. ഇങ്ങനെയുള്ള ബുക്ക് കച്ചവടക്കാരെപ്പോലും ഒഴിപ്പിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. സർക്കാരിന്റെ അറിവോടുകൂടിയാണോ ഇങ്ങനെ ചെയ്യുന്നത്; സംസ്ഥാന ഗവൺമെന്റ് ഒരു ചട്ടം രൂപീകരിക്കുന്നതിനുമുമ്പേ ഇത്തരം കച്ചവടക്കാരെ ഒഴിവാക്കുന്ന നടപടി ശരിയാണോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നഗരസഭയുടെ നേതൃത്വത്തിൽ നഗരപ്രദേശത്ത് സർവ്വെ നടത്തി, നിലവിലുള്ള വഴിയോരക്കച്ചവടക്കാരെ ലിസ്റ്റ് ചെയ്യുകയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നല്കുകയും വേണം. ഇത് പൂർത്തിയാകുന്നതുവരെ വഴിയോരക്കച്ചവടക്കാരെ ഒഴിപ്പിക്കാൻ പാടില്ലെന്നുള്ളതാണ് നിയമം. വളരെ വലിയൊരു സർവ്വീസാണ് തിരുവനന്തപുരത്തുള്ള വഴിയോര ബുക്ക് ഷോപ്പുകൾ ചെയ്യുന്നത്. അവിടെ പഴയ ബുക്കുകളാണ് വിൽക്കുന്നത്. പലപ്പോഴും ഔട്ട് ഓഫ് പ്രിന്റായിട്ടുള്ള പുസ്തകങ്ങൾവരെ അവരുടെ കൈവശമുണ്ടാകും. വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനുള്ള കാര്യങ്ങൾ ഏത് പുസ്തകത്തിൽ എത്രാമത്തെ പേജിൽ വരുമെന്നത് സംബന്ധിച്ചൊക്കെ വളരെ കൃത്യമായി അവർക്ക് അറിയാവുന്നതാണ്. അത് വളരെ വലിയൊരു കാര്യമാണ്. അവരെ മാറ്റിപ്പാർപ്പിക്കുക എന്നുള്ളത് നഗരസഭയുടെ ഉത്തരവാദിത്വമാണ്. ഈ നിയമത്തിന്റെ പേരിൽ അവരെ

LIBRARY ARCHIVES Kerala Legislative Assembly

അവിടെ നിന്നും ഒഴിവാക്കാൻ പറ്റില്ല. ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്ററുമായി സംസാരിച്ച് എന്താണ് ചെയ്യാൻ സാധിക്കുക എന്നുള്ളത് തീരുമാനിക്കും.

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സംസ്ഥാനത്ത് അതിവേഗം നഗരവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്. നഗരവൽക്കരണത്തിന്റെ വേഗതയ്ക്കനുസരിച്ച് വഴിയോരക്കച്ചവടക്കാരുടെ എണ്ണവും കൂടിവരികയാണ്. ഓരോ നഗരപ്രദേശങ്ങളിലും വഴിയോരക്കച്ചവടക്കാർക്കുവേണ്ടി പ്രത്യേകമായ സ്ഥലം കണ്ടെത്തുന്നതിനും അതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നമ്മുടെ പോപ്പുലേഷന്റെ ഏകദേശം 48 ശതമാനം ആൾക്കാരും നഗരങ്ങളിലാണ് താമസിക്കുന്നതെന്നാണ് കണക്കാക്കപ്പെടുന്നത്. നഗരങ്ങളിലുള്ള ജനസംഖ്യയുടെ രണ്ട് ശതമാനം, ഏകദേശം 3 ലക്ഷത്തോളം വരുന്ന ആൾക്കാർ ഇതേപോലെയുള്ള കച്ചവടത്തിലേർപ്പെട്ടിരിക്കുന്നതായാണ് കണക്കാക്കിയിട്ടുള്ളത്. അവർ ചെയ്യുന്നത് വളരെ വലിയ സർവ്വീസാണ്. പലപ്പോഴും ചെറിയ വിലയ്ക്കാണ് അവർ ഈ സാധനങ്ങളൊക്കെ വിൽക്കുന്നത്. സാധാരണക്കാരായ ജോലിക്കാർക്ക് ജോലി സ്ഥലത്തുനിന്നും മടങ്ങിപ്പോകുമ്പോൾ ഏത് സമയത്തും ഈ സാധനങ്ങൾ വാങ്ങാൻ സാധിക്കും, ലാഭകരവുമാണ്. അവരെ പുനരധിവസിപ്പിക്കുകയോ അവർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയോ ചെയ്യുകയെന്നുള്ളത് സംസ്ഥാന സർക്കാരിനെയും നഗരസഭകളെയും സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു കർത്തവ്യമാണ്. അതിനുള്ള ശ്രമങ്ങൾ തന്നെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട റൂൾസ് പാസ്സാകുന്നതോടുകൂടി ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, പല നഗരങ്ങളിലും ഒരാൾക്കുതന്നെ കുറെയധികം വഴിയോരക്കടകളുണ്ടാകുകയും, അത്തരം കടകൾ പല ആളുകൾക്കും ദിവസ വാടകയ്ക്കോ മാസ വാടകയ്ക്കോ കൊടുത്ത് വൈകുന്നേരം വലിയ ബെൻസ് കാറുകളിലും മറ്റും വന്ന് കടക്കാരോട് വാടക പിരിച്ച് പോകുന്നുമുണ്ട്. നഗരങ്ങളിലെ ഇത്തരത്തിലുള്ള കടകൾ പരിശോധിച്ച് അത്തരം ആളുകളെ നിയന്ത്രിക്കാനും നടപടി സ്വീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വഴിയോരക്കച്ചവടക്കാരുടെ ഒരു തകരാറാണ്, കപ്പാളിറ്റി ഇല്ലാത്ത സാധനങ്ങൾ വിൽക്കുക അല്ലെങ്കിൽ ഷോപ്പിന്റെ മറവിൽ ഏതെങ്കിലും തരത്തിലുള്ള ആന്റി സോഷ്യൽ ആക്റ്റിവിറ്റീസ് നടത്തുക എന്നുള്ളത്. ഒരാൾക്ക് ഒരു കട എന്നുള്ള നിലയിലാണ് ലൈസൻസ് കൊടുക്കുന്നത്, അങ്ങനെയാണ് സാധാരണ സ്ഥലത്തൊക്കെ രജിസ്ട്രേഷൻ നടത്തുന്നത്. പക്ഷെ, ചില ആളുകൾ പത്തും അമ്പതും ഷോപ്പുകൾ ഒരുമിച്ചുണ്ടാക്കുകയും വൈകുന്നേരം വന്ന് അതിന്റെ വാടക

LIBRARY ARCHIVES Kerala Legislative Assembly

പിരിക്കുകയും ചെയ്യുന്നു, അത് നിയമവിരുദ്ധമാണ്. എല്ലാ നഗരസഭകളിലും രജിസ്ട്രേഷൻ വരികയാണെങ്കിൽ സ്വാഭാവികമായും അത് ഒഴിവാക്കാൻ സാധിക്കും. അതിൽ ഒരു സംശയവുമില്ല. ഒരു ജീവിത ഉപാധിയെന്നുള്ള നിലയിലാണ് വഴിയോരക്കച്ചവടത്തെ സംരക്ഷിക്കുന്നത്. ലാഭമുണ്ടാക്കാനുള്ള ഒരു വലിയ ബിസിനസ്സായി ഇതിനെ കൊണ്ടുപോകാൻ സർക്കാർ അനുവദിക്കില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പലപ്പോഴും അനധികൃത കച്ചവടത്തിന്റെ പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പോലീസ് അധികൃതരുമൊക്കെ വഴിയോരക്കച്ചവടക്കാരെ നിരന്തരം പീഡിപ്പിക്കുന്ന അവസ്ഥയുണ്ടായിരുന്നു. സത്യത്തിൽ, ആ പശ്ചാത്തലത്തിലാണ് കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് സുപ്രീംകോടതിയുടെ ഇടപെടലോടുകൂടി അവരുടെ സംരക്ഷണത്തിനുവേണ്ടിയുള്ള നിയമം പാസ്സാക്കിയത്. ആ നിയമത്തിനനുസൃതമായി ചട്ടങ്ങൾ രൂപീകരിച്ചു കൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇങ്ങനെ വഴിയോരക്കച്ചവടക്കാരായ ലക്ഷക്കണക്കിന് ആളുകൾ അവരുടെ ജീവിതോപാധിക്കുവേണ്ടി ചെയ്യുന്ന ഒരു പ്രവൃത്തി എന്നുള്ള നിലയിൽ അവരെ സംരക്ഷിക്കണമെന്നുള്ളതുതന്നെയാണ് ഈ നിയമത്തിന്റെ താൽപ്പര്യം. ആ നിയമം വന്നിട്ടും, ഇവിടെ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ ഇവർക്കെതിരായ പീഡനങ്ങൾ നടക്കുന്നു. ആ ഒരു സാഹചര്യത്തിൽ ഇതിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യം ത്വരിതപ്പെടുത്തണം. ഈ ചട്ടങ്ങളുടെ രൂപീകരണം എന്ന് പൂർത്തിയാകുമെന്നും അതുവഴി ഈ നിയമം നമ്മുടെ സംസ്ഥാനത്ത് എന്ന് പ്രാവർത്തികമാകുമെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വഴിയോരക്കച്ചവടക്കാർക്ക് തങ്ങളുടെ ജീവനോപാധികൾ കണ്ടെത്തുന്നതിനാവശ്യമായ ആരോഗ്യപ്രദമായ അന്തരീക്ഷം ഉറപ്പുവരുത്തുന്ന ഒരു സഹായക വ്യവസ്ഥയുണ്ടാക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനൊപ്പം പൊതുസ്ഥലങ്ങളുടേയും നിരത്തുകളുടേയും ശുചിത്വപൂർണ്ണമായ സംരക്ഷണവും തിരക്കൊഴിവാക്കലും ഉറപ്പുവരുത്തുകയാണ് ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, പല സ്ഥലങ്ങളിലും ഇവർ പീഡിപ്പിക്കപ്പെടുന്നുവെന്നുള്ളത് സത്യമാണ്. അതൊരിക്കലും സംഭവിക്കാൻ പാടില്ലാത്തൊരു കാര്യമാണ്. ഏതെങ്കിലും ഒരു മുനിസിപ്പാലിറ്റിയോ നഗരസഭയോ ഏതെങ്കിലും ഒരു റോഡിനെ നോൺ വെൻഡിംഗ് സോൺ ആയി പ്രഖ്യാപിക്കുകയാണെങ്കിൽ 30 ദിവസത്തെ നോട്ടീസോടുകൂടി പ്രസ്തുത സ്ഥലത്തെ വഴിയോരക്കച്ചവടക്കാരെ അനുയോജ്യമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റേണ്ടതാണ്. അല്ലാതെ പെട്ടെന്നൊരുദിവസം വന്ന് അവരെ ഒഴിപ്പിക്കുന്നത് ശരിയല്ല. അവർക്ക് നിയമപ്രകാരമുള്ള പരിരക്ഷയുണ്ട്. അതുകൊണ്ട്, എവിടെയെങ്കിലും അങ്ങനെ സംഭവിക്കുകയാണെങ്കിൽ, ബഹുമാനപ്പെട്ട അംഗങ്ങളാരെങ്കിലും അക്കാര്യം നോട്ട് ചെയ്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ തക്കതായ പരിഹാരം കാണുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ഷാജി: സർ, ഒരാളുടെ കുടുംബം പരിരക്ഷിക്കാൻവേണ്ടി വഴിയോരക്കച്ചവടം നടത്തുന്നുവെന്ന് പറയുന്നത് സ്വാഭാവികമായും മനസ്സിലാക്കാം. പക്ഷേ, ഇന്ന് അങ്ങനെയല്ല. നഗരത്തിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലടക്കം, വെജിറ്റബിൾസും മറ്റുമൊക്കെ അവർ തന്നെ വലിയ ലോറിയിൽ കൊണ്ടുവന്ന് ഒരുപാട് യൂണിറ്റുകളിടുന്ന വലിയ ഒരു മാഫിയ തന്നെ ഇതിന്റെ പുറകിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് വഴിയോരക്കച്ചവടക്കാർക്ക് ലൈസൻസ് കൊടുക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, ഇത്തരത്തിലുള്ള മുഴുവൻ ആളുകളെയും ഉൾപ്പെടുത്തിക്കൊടുത്തിട്ടില്ലെങ്കിൽ ഇത് കൂടുതൽ വ്യാപിക്കാൻ സാധ്യതയുണ്ട്. അത്തരത്തിൽ ഒരു ശ്രദ്ധയുണ്ടാകുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വലിയ വലിയ ലോറികളിലൊക്കെ സാധനങ്ങൾ കൊണ്ടുവന്ന് വാറ്റും രജിസ്ട്രേഷനുമൊന്നുമില്ലാതെ കുറെയധികം സാധനങ്ങൾ വിറ്റഴിക്കുന്നുവെന്നുള്ളത് സത്യമാണ്. ഇതുകാരണം പലപ്പോഴും നമ്മുടെ സംസ്ഥാനത്തിന് വാറ്റ് ഇനത്തിലൊക്കെ വലിയ നഷ്ടം വരാറുണ്ട്. എന്നിരുന്നാലും സാധാരണക്കാരായ ആൾക്കാരെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വിലകുറച്ച് കിട്ടുന്നതുകൊണ്ട് ധാരാളം ആൾക്കാർ ഇവരെ സമീപിക്കും. പക്ഷേ രജിസ്ട്രേഷനും സർവ്വേയും കഴിയുമ്പോൾ ഇതുപോലെയുള്ള പ്രശ്നങ്ങൾ ഉണ്ടാകില്ല. വളരെ കൃത്യമായി, ഒരാൾക്ക് ഒരു ഷോപ്പ് എന്ന നിലയിൽ മാത്രമേ ഉണ്ടാകൂ. അവർതന്നെ ഇതിൽ എംപ്ലോയ്ഡ് ആയിരിക്കണം. ലൈസൻസ് എടുത്തശേഷം മറ്റൊരാളിനെ ഷോപ്പ് ഏൽപ്പിക്കാൻ പാടുള്ളതല്ല. രജിസ്ട്രേഷനുള്ള ആളിനോ അല്ലെങ്കിൽ അയാളുടെ കുടുംബത്തിലുള്ള മറ്റൊരാളിനോ മാത്രമേ കട നടത്താൻ പാടുള്ളൂ. പുറത്തുനിന്നുള്ള ഒരാളെ ഈ കട ഏൽപ്പിക്കാൻ അനുവദിക്കില്ല. ഇക്കാര്യങ്ങളെല്ലാം വളരെ കൃത്യമായി ഈ നിയമത്തിൽ പറയുന്നുണ്ട്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, വഴിയോര കച്ചവടക്കാരെ സംരക്ഷിക്കുമെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വളരെ സ്വാഗതാർഹമാണ്. പക്ഷേ എന്റെ അനുഭവത്തിൽ, എന്റെ മണ്ഡലമായ കൊല്ലം നഗരത്തിൽ, ആ നഗരത്തിന്റെ പ്രത്യേകത അങ്ങേക്കറിയാം. ചിന്നക്കടയിൽ അടിപ്പാത നിർമ്മിക്കുന്നതിനുവേണ്ടി ഒഴിപ്പിച്ചപ്പോൾ കുറച്ചുപേർ ഒരു പുതിയ റോഡിൽപ്പോയി കച്ചവടം ആരംഭിച്ചു. അവരെ ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചു. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെവന്ന സമയമായിരുന്നു. അദ്ദേഹത്തിന് പെറ്റീഷൻ കൊടുത്തു. അദ്ദേഹം അവരെ സംരക്ഷിക്കാൻ തീരുമാനിച്ചു. ഇപ്പോഴത്തെ സ്ഥിതി എന്താണെന്നുവച്ചാൽ, ഓരോ മുക്കിലും മൂലയിലുമുള്ള വഴിയോരക്കച്ചവടക്കാരെ ഓരോ ദിവസവും പോലീസ് ഒഴിപ്പിക്കും. രണ്ടോ മൂന്നോ ദിവസം കഴിഞ്ഞ് പാവപ്പെട്ടവർ വീണ്ടും അവിടെപ്പോയി കച്ചവടം ആരംഭിക്കും. ഇങ്ങനെ സ്ഥിരമായി ഒഴിപ്പിക്കൽ ഒരു പ്രക്രിയയായി മുന്നോട്ടു പോകുകയാണ്. ഇതിന് സ്ഥിരമായ ഒരു പരിഹാരം കണ്ടെത്താൻ നഗരകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങ് മുൻകൈയെടുക്കുമോ; അതാ

ഓരോ നഗരത്തിന്റെയും സ്വഭാവംകൂടി കണക്കിലെടുത്തുകൊണ്ട് ചട്ടങ്ങൾ ആവിഷ്ക്കരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കൊല്ലം കോർപ്പറേഷന്റെ മേയറുമായി സംസാരിച്ച് അതിനൊരു പരിഹാരമുണ്ടാക്കുന്നതാണ്. അതിന് യാതൊരു സംശയവുമില്ല. അവിടെ അടിപ്പാതയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഡിസംബർ മാസമാകുമ്പോഴേക്കും അതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതെങ്കിലുമൊരു സ്ഥലത്തുനിന്ന് മുനിസിപ്പാലിറ്റിയോ അല്ലെങ്കിൽ മറ്റാരെങ്കിലും അവരെ മാറ്റിപാർപ്പിക്കുകയാണെങ്കിൽ അവർക്ക് കൃത്യമായ സ്ഥലം നമ്മൾ ഐഡന്റിഫൈ ചെയ്തു കൊടുക്കണം. രാവിലെ മുതൽ വൈകുന്നേരംവരെ ജീവിക്കാൻ വേണ്ടിയുള്ള കച്ചവടമാണ് അവർ നടത്തുന്നത്. സ്വാഭാവികമായും പെട്ടെന്ന് ഒരു ദിവസം അവരെ ഇല്ലാതാക്കാൻ കഴിയില്ല. ഒരു ഷോപ്പ് മാത്രമുള്ള ആളുകളാണെങ്കിൽ, അവരെ മാറ്റിപാർപ്പിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് കോർപ്പറേഷനുമായി സംസാരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് വഴിയോര കച്ചവടക്കാരോടുള്ള സ്നേഹം വളരെ നന്നായി വ്യക്തമായി. അങ്ങയുടെ മറുപടി കേൾക്കുന്ന കേരളത്തിലെ ജനങ്ങൾക്ക് ഇത് നടപ്പാത മുഴുവൻ കയ്യേറാനുള്ള ഒരു പ്രചോദനമാണെന്ന് പറയാതിരിക്കാൻ നിവർത്തിയില്ല. വഴിയോരക്കച്ചവടക്കാർ പാവങ്ങളാണ്. അവർക്ക് കച്ചവടം ചെയ്യാൻ അവസരം കൊടുക്കണം. നമുക്കതിൽ തർക്കമില്ല. പക്ഷേ കേരളത്തിന്റെ മുഴുവൻ നടപ്പാതകളും ആർക്കും ഏതുസമയവും കയ്യേറാമെന്ന നിലയിലേക്ക് ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പോകാനുള്ള സാധ്യത ഞാൻ ഭയത്തോടുകൂടി കാണുകയാണ്. വഴിയോരക്കച്ചവടം നടത്തുന്നതിന് അതാത് പ്രാദേശികമായ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുണ്ട്. പ്രാദേശിക സംവിധാനങ്ങളുടെ അനുമതിയോടുകൂടി അത് ഏത് നിമിഷവും ഒഴിവാക്കണം. സാധാരണ ചിലത് ഒഴിവാക്കേണ്ടിവരും. അപ്പോൾ വേറെ മാറ്റിക്കൊടുക്കണമെങ്കിൽ എവിടെ കൊടുക്കും; അതിനുള്ള സ്വാതന്ത്ര്യം നമ്മുടെ ത്രിതല പഞ്ചായത്ത് സംവിധാനംകൊണ്ട് ആ ജനകീയ കമ്മിറ്റിയിൽ കൊടുക്കാനുള്ള സൻമനസ്സുകൂടി മന്ത്രി പ്രകടിപ്പിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വഴിയോരക്കച്ചവടത്തിൽ ഓരോരോ നഗരസഭകളും ടൗൺ വെന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയാണ് ഇവർ എവിടെയാണ് കച്ചവടം ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നത്. ഒരു മാസത്തെ നോട്ടീസ് കൊടുത്ത് ഇവിടെനിന്ന് വെക്കേറ്റ് ചെയ്യണമെന്ന് പറഞ്ഞാൽ വെക്കേറ്റ് ചെയ്തേപറ്റൂ. ചിലപ്പോൾ റോഡിന്റെ സൈഡിൽത്തന്നെ എക്സ്റ്റൻഷൻ വരും അല്ലെങ്കിൽ വീതി കൂട്ടൽ വരും അല്ലെങ്കിൽ പ്രത്യേകമായ വേറെ എന്തെങ്കിലും വരും. ഉത്സവത്തോടനുബന്ധിച്ച് ഓണത്തിനും പെരുന്നാളിനും ക്രിസ്തുമസിനും വഴിയോരക്കച്ചവടം നടത്തുന്ന ധാരാളം ആൾക്കാരെ നമുക്ക് കാണാൻ കഴിയും. വിദേശരാജ്യങ്ങളിലും മറ്റുള്ള സംസ്ഥാനങ്ങളിലും ഇതുപോലെയുണ്ട്. ഒരു നിശ്ചിത സമയം - നാലുമണി മുതൽ ആറുമണിവരെ - ഇന്ന റോഡെന്ന് പറഞ്ഞ് കൊടുക്കും,

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ചിലപ്പോൾ ട്രാഫിക് വരും. ആ ട്രാഫിക് ബ്ലോക്ക് ചെയ്ത് മറ്റുള്ള വഴിയിൽക്കൂടി തിരിച്ചുവിടും. അവിടെ എല്ലാ ആളുകളുംവന്ന് സാധനം വാങ്ങിക്കും. ഇതിനെ നമ്മൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണം, ഇത് അവരുടെ ഒരു ജീവിതോപാധിയാണ്. മാത്രവുമല്ല, അവർ വളരെ ലാഭകരമായിട്ടാണ് സാധനങ്ങൾ വിൽക്കുന്നത്. ക്വാളിറ്റിയുടെയൊക്കെ പ്രശ്നം പലപ്പോഴുമുണ്ട്. അതൊക്കെ മൈനസ് പോയിന്റുകളാണ്. പക്ഷേ പ്ലാറ്റ്ഫോമുകളും നടപ്പാതകളും കയ്യേറാതെ യായിരിക്കണം അവർ കച്ചവടം നടത്തേണ്ടത്. അത് അവിടെയുള്ള നഗരസഭകളാണ് തീരുമാനിക്കേണ്ടത്. ടൗൺ വെന്റിംഗ് കമ്മിറ്റിയാണ് ഇന്ന സ്ഥലമെന്ന് തീരുമാനിക്കേണ്ടത്. ആ സമയത്തുമാത്രമേ അവിടെ കച്ചവടം ചെയ്യാൻ പാടുള്ളൂ. അതല്ലാതെ 24 മണിക്കൂറും തുറന്നിട്ട് അവരുടെ ഷോപ്പായിട്ട് ഒരിക്കലും ആ സ്ഥലത്തെ നമ്മൾ അംഗീകരിക്കുകയില്ല. ഒരു സമയം മാത്രമേ അവർക്ക് ഫിക്സ്ചെയ്ത് കൊടുക്കുകയുള്ളൂ.

മി. സ്പീക്കർ: ഒരു കാര്യം ചെയറിന് പറയാനുണ്ട്. അങ്ങ് ഈ പറഞ്ഞതെല്ലാം നമ്മുടെ നാട്ടിലെ ജനങ്ങൾക്കുള്ള സംരക്ഷണ നിയമങ്ങളാണ്. ഇന്ത്യയിൽ മാത്രമാണ് റോഡ്സൈഡിലൂടെ നടന്നുപോകുന്ന വഴിയാത്രക്കാരെ പ്രത്യേകമായ നിയമമോ, അവകാശമോ സംരക്ഷിക്കാത്തത്. വഴിയോരക്കച്ചവടക്കാരുള്ളപ്പോൾ നടന്നുപോകുന്ന ആളുകളെ നമ്മൾ ഓർക്കാറില്ല. അതിന്റെ പേരിലുണ്ടാകുന്ന അപകടങ്ങൾകൂടി മനസ്സിലുണ്ടാകണമെന്ന് പറയാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സുപ്രീം കോടതിയിൽ ഒരു കേസ് വന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമമുണ്ടാക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടത്. ജനങ്ങളുടെ നടക്കാനുള്ള അവകാശം നമ്മൾ സംരക്ഷിക്കണം. അതുപോലെതന്നെ രാവിലെ മുതൽ വൈകുന്നേരംവരെ ജോലി ചെയ്ത് കുടുംബം പോറ്റുന്ന ആൾക്കാരുണ്ട്. അവരെയുംകൂടി ഉദ്ദേശിച്ചിട്ടാണ് ഈ നിയമമുണ്ടാക്കിയിട്ടുള്ളത്. അങ്ങ് പറഞ്ഞത് വളരെ കൃത്യമായിട്ടുള്ള ഒരു കാര്യമാണ്. ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യത്തെ ഒരിക്കലും തടസപ്പെടുത്താൻ പാടില്ല. അത് മനസിൽവച്ചുതന്നെയായിരിക്കും ഓരോരോ നഗരസഭകളും പ്രവർത്തിക്കുന്നത്.

മി. സ്പീക്കർ: നടന്നുപോകുന്നവരുടെ സഞ്ചാരയോഗ്യത, അതാണ് ഏറ്റവും പ്രധാനപ്പെട്ടത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതെ.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് വളരെ അനുകൂലമായ ഒരു നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രനിയമമൊക്കെ വന്ന വിവരം ജില്ലാ കളക്ടർമാർ അറിയുന്നില്ലേ? അവർക്ക് ഇതിനെ സംബന്ധിച്ച് യാതൊരു വിവരവുമില്ലേ? യൂണിവേഴ്സിറ്റി ഹോസ്റ്റൽ ബഹുമാനപ്പെട്ട ചെയറിന് നല്ലതുപോലെ അറിയാവുന്ന പ്രദേശമാണ്. യൂണിവേഴ്സിറ്റി ഹോസ്റ്റലിന്റെ വലതുസൈഡിൽ നിന്നും താഴേക്ക് പോകുമ്പോൾ 10 ബുക്ക് സ്റ്റാളുണ്ട്. അവിടെ ഏതാണ്ട് പത്തിരുപതിനായിരത്തോളം വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പുസ്തകങ്ങളുമുണ്ട്. അത് പത്തിരുപത് ആളുകൾ കച്ചവടം ചെയ്യുന്നതാണ്. അവിടെ വലിയ തിരക്കോ, നടന്നുപോകുന്ന ആളുകൾക്ക് യാതൊരു ബുദ്ധിമുട്ടുകളോ ഇല്ലാത്ത ഒരു സ്ഥലമാണ്. റിസർച്ച് വിദ്യാർത്ഥികൾക്കും മറ്റ് വിദ്യാർത്ഥികൾക്കും ആവശ്യമുള്ള 10,000 രൂപ വിലയുള്ള പുസ്തകം അവിടെ 1,000 രൂപ, 2,000 രൂപ, 3,000 രൂപയ്ക്ക് കിട്ടും. വൈകുന്നേരങ്ങളിൽ അവിടെ കോളേജ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വായനക്കാരുടെയും ഒരു കേന്ദ്രമാണ്. കഴിഞ്ഞ ദിവസം കളക്ടർ അവിടെ വിസിറ്റ് ചെയ്തിട്ട് 30-ാം തീയതിക്കുമുമ്പ് എല്ലാം മാറ്റണമെന്ന് പറഞ്ഞു. ഇദ്ദേഹത്തിന് ആരാണ് ഇതിനുള്ള അധികാരം കൊടുത്തിരിക്കുന്നത്? ഇവിടെ കേന്ദ്രനിയമമൊക്കെ പാസ്സാക്കിയിരിക്കുകയാണ്. അതുകൊണ്ട് അത് അവിടെനിന്ന് എടുത്തുമാറ്റാൻ പറ്റില്ലായെന്നുള്ള വിവരം അടിയന്തരമായി കളക്ടറോട് പറയണം. ഫൈൻ ആർട്സ് കോളേജിന്റെ നേരെ എതിർവശത്ത് കുറേ സ്ഥലം വെറുതേ കിടപ്പുണ്ട് റവന്യൂ വകുപ്പുമന്ത്രികൂടി വിചാരിച്ചാൽ മതി താൽക്കാലികമായി അവിടെയൊരു ഷെഡ്ഡുകെട്ടി കൊടുക്കാം. അതല്ലെങ്കിൽ പുത്തരിക്കണ്ടം മൈതാനത്ത് ട്രിഡ പത്ത് മുപ്പത് കടകൾ കെട്ടിയിട്ടിട്ടുണ്ട്. അത് ഇവർക്ക് വാടകയ്ക്ക് കൊടുക്കാം. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ കാൽനടക്കാർക്കും ട്രാഫിക്കിനും ബുദ്ധിമുട്ടില്ലാത്ത രൂപത്തിൽ ഒരു സർവ്വേ നടത്തി ഒരു മാസത്തിനകത്ത് ഐഡന്റിറ്റി കാർഡ് കൊടുത്ത്, അവർക്ക് അവിടെ സൗകര്യം കൊടുക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇതുപോലെയുള്ള വഴിയോരക്കച്ചവടക്കാരെ പുനരധിവസിപ്പിക്കാൻവേണ്ടി പാളയം മാർക്കറ്റിൽ ഒരു വലിയ പദ്ധതിയുണ്ടാക്കിയിരുന്നു. കോർപ്പറേഷൻ ഇതുവരെയും അതിന്റെ ഫൈനൽ തീരുമാനം അറിയിച്ചിട്ടില്ല. അതുണ്ടാകുകയാണെങ്കിൽ കുറേയധികം ആളുകളെ അവിടെ പുനരധിവസിപ്പിക്കാം. പുസ്തകം വിൽക്കുന്നവരെക്കുറിച്ച് ഞാൻ മുമ്പ് മറുപടി പറഞ്ഞതാണ്. സ്ഥിരമായി അവർ വലിയൊരു ഷെഡ്ഡൊക്കെ കെട്ടിയിരിക്കുകയാണ്. അതൊന്നും പാടില്ല. ഒന്നുകിൽ പുഷ് കാർട്ടായിരിക്കണം, അല്ലെങ്കിൽ വൈകുന്നേരം അവർ കൊണ്ടുപോകണം. അല്ലാതെ സ്ഥിരമായി വച്ചുകൊണ്ട് അവരുടെ പ്രോപ്പർട്ടിയാക്കി മാറ്റുകയെന്നുള്ളത് ശരിയല്ല. രജിസ്ട്രേഷനും മറ്റുള്ള കാര്യങ്ങളും കൃത്യമായി നടക്കുന്നുണ്ട്. രജിസ്ട്രേഷൻ വരുന്ന മുറയ്ക്ക് നമുക്ക് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. അതിന് കോർപ്പറേഷൻകൂടി സഹായിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം കോർപ്പറേഷനോടുകൂടി പറയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: കോർപ്പറേഷൻ ചെയ്യുന്ന എല്ലാ കാര്യങ്ങളുടെയും ഉത്തരവാദിത്വം ഇപ്പോൾ ശ്രീ. വി. ശിവൻകുട്ടിക്കാണെന്നാണോ അങ്ങ് പറഞ്ഞുവരുന്നത്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട വി. ശിവൻകുട്ടി വളരെ താൽപ്പര്യത്തോടുകൂടി കോർപ്പറേഷന്റെ പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ നടക്കുന്നുണ്ട്. അതിനെ ഞാൻ അപ്രീഷ്യേറ്റ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വികസനത്തിന്റെ ഫലം ശക്തൻമാർക്ക് മാത്രമല്ല ലഭിക്കേണ്ടത്. ദുർബലൻമാർക്കും സാധാരണക്കാർക്കും അതിന്റെ ഗുണം കിട്ടണം. അപ്പോൾ മാത്രമേ ഒരു പരിഷ്കൃത സമൂഹമാകുകയുള്ളൂ. ആ ലക്ഷ്യത്തോടുകൂടി യു.പി.എ. സർക്കാർ വിവരാവകാശനിയമവും വിദ്യാഭ്യാസ അവകാശ നിയമവും തൊഴിലുറപ്പ് നിയമവും ഭക്ഷ്യ സുരക്ഷാ നിയമവുമൊക്കെ പാസ്സാക്കിയതുപോലെ, കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ വളരെ നിർണ്ണായകമായ ഒരു നിയമനിർമ്മാണമാണ് വഴിയോര കച്ചവടക്കാരെ സംരക്ഷിക്കുന്ന നിയമം. ആ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന കാര്യങ്ങളും നടപടിക്രമങ്ങളും എത്രയുംവേഗം പൂർത്തിയാക്കിയാൽ ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കാൻ കഴിയും. അതിനപ്പുറം ആ സ്പിരിറ്റ് ഉൾക്കൊള്ളാതെ പാവപ്പെട്ടവരെയും സാധാരണക്കാരെയും ദ്രോഹിക്കുന്ന നടപടി അവസാനിപ്പിക്കണം. ആ നിയമത്തിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ അടിയന്തരമായി നടപ്പിലാക്കിക്കൊണ്ട് ഈ പാവപ്പെട്ട സാധാരണക്കാരായ വഴിയോര കച്ചവടക്കാരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2013-ലെ സ്ട്രീറ്റ് വെന്റേഴ്സ് ബില്ലിന് ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചത് മേയ് ഒന്നാം തീയതിയാണ്. അതിനുശേഷം ഉടൻതന്നെ ഒരു കമ്മിറ്റി രൂപീകരിക്കുകയും അവരോട് ഇതിന്റെ റൂൾസ് ഉണ്ടാക്കാൻ പറയുകയും ചെയ്തു. അതുമാത്രമല്ല 1,82,50,000 രൂപയ്ക്ക് വേണ്ടിയുള്ള സഹായത്തിനായി കേന്ദ്ര സർക്കാരിന് എഴുതിയിട്ടുണ്ടായിരുന്നു. കുറെ എമൗണ്ട് അംഗീകരിച്ച് കിട്ടിയിട്ടുണ്ട്. പക്ഷേ, സംഖ്യയൊന്നും വന്നിട്ടില്ല. ആ സംഖ്യ വരുന്ന മുറയ്ക്ക് എല്ലാ മുൻസിപ്പാലിറ്റികളിലും ആദ്യമായി ഒരു പൈലറ്റ് പ്രോജക്ട് എന്നുള്ള രീതിയിൽ കോർപ്പറേഷനടക്കം 15 മുൻസിപ്പാലിറ്റികളിലാണ് ഇത് നടപ്പാക്കുന്നത്. സ്വാഭാവികമായും അതു വരുന്നതോടുകൂടി ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ കഴിയുന്നതാണെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വഴിയോര കച്ചവടക്കാരുടെ കാര്യത്തിൽ ഇവിടെ പലരും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നുണ്ടെന്നും റോഡ് കയ്യേറുന്നുണ്ടെന്നുമൊക്കെ പറയുമ്പോഴും വളരെ ദുർബലരായ ഒരു വിഭാഗം ആളുകൾ ഉപജീവനത്തിനുവേണ്ടി നടത്തുന്നതാണ് ഇതിൽ മഹാഭൂരിപക്ഷവും. ലോഡ് കണക്കിന് സാധനങ്ങൾ കൊണ്ടുവന്ന് ഒന്നിലേറെ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നവരും കാണും. ഇതിൽ പ്രധാനപ്പെട്ട വിഷയം ഇപ്പോൾ റംസാനും തൊട്ടടുത്ത് ഓണവും വരികയാണ്. ആ സന്ദർഭങ്ങളിൽ സമൂഹത്തിലെ വളരെ പാവപ്പെട്ട വലിയൊരുവിഭാഗം ആളുകൾ ആശ്രയിക്കുന്നത് ഈ വഴിയോര കച്ചവടക്കാരെയാണ്. അത്തരമൊരു സാഹചര്യത്തിൽ പഴയകാലത്തെപോലെ ഏത് നഗരപ്രദേശങ്ങളിലും ഒരു ചന്ത എന്ന രീതിയിൽ പ്രത്യേകമായ സ്ഥലം കണ്ടെത്തി അതിൽ ആളുകൾക്ക് ഗതാഗത തടസ്സമില്ലാത്തവിധം, കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്തവിധം ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?